LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിലെ എൽ.ഡി.സി. നിയമനം

60 (3568) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് പുതിയതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; പ്രസ്തുത ഒഴിവുകൾ വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് പട്ടികയിൽ നിന്നും 64 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 10-12-2015-ന് പോലീസ് വകുപ്പിൽ നിന്നും ഒരു നോൺ ജോയിനിംഗ് ഡ്യൂട്ടി (എൻ.ജെ.ഡി.) ഒഴിവ് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മെയിൽ വാർഡൻ നിയമനം

61 (3569) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മെയിൽ വാർഡൻ (കാറ്റഗറി. നം.286/2013) ലിസ്റ്റിൽ ഉൾപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മെയിൽ വാർഡൻ (കാറ്റഗറി നമ്പർ 286/13) ലിസ്റ്റിൽ നിന്നും കണ്ണൂർ ജില്ലാ പി.എസ്.സി. 3 ഘട്ടമായി 67 പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. ഇതിൽ എല്ലാപേർക്കും നിയമന ഉത്തരവ് നൽകുകയും 57 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 71 ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.